# ദൈവം നമ്മുടെ ജീവിതത്തിൽ പലതും അനുവദിക്കുന്നത് നാം അവങ്കലേക്ക് തിരിയുന്നതിന് വേണ്ടിയാണ്

സാക് പുന്നൻ

WFTW 30 ഡിസംബർ 2012

ലോകത്തിൽ ഇത്രമാത്രം ദുഷ്ടതയും നാശനഷ്ടങ്ങളും കഷ്ടതകളും ഉണ്ടാക്കുവാൻ സാത്താനെ ദൈവം അനുവദിക്കുന്നതിനുള്ള ഒരു കാരണം, അതിനാൽ ആളുകൾ ദൈവത്തിങ്കലേയ്ക്കു തിരിയും എന്നുള്ളതാണ്.

ഈ ലോക ജീവിതം രോഗങ്ങളും, കഷ്ടതകളും, ദാരിദ്ര്യവും ഒന്നുമില്ലാതെ വളരെ സുഖപ്രദമായിരുന്നെങ്കിൽ, ആരെങ്കിലും ദൈവത്തെക്കുറിച്ചു ചിന്തിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?.

ഒരു പ്രത്യേക ഉദ്ദേശത്തോടെയാണ് ദൈവം അനുവദിക്കുന്നതെല്ലാം. മരുഭൂമിയിൽ യിസ്രായേൽ ജനം ദൈവത്തെ മറന്നപ്പോൾ അവർ വിഷപ്പാമ്പുകളുടെ കടിയേറ്റു എന്ന് പഴയ നിയമത്തിൽ നാം വായിക്കുന്നു. ഉടനെ അവർ ദൈവത്തിങ്കലേക്കു തിരിഞ്ഞു. ദൈവം അവരെ സൗഖ്യമാക്കി. ആ ജനത്തെ ദൈവത്തിങ്കലേക്കു തിരിക്കുന്നതിനുവേണ്ടി കുറച്ചു വിഷപ്പാമ്പുകൾ അവിടെയുണ്ടായിരുന്നു എന്നത് അപ്പോൾ ഒരു നല്ല കാര്യമല്ലേ?.

ഒരിക്കൽ ദൈവത്തോട് വളരെ അടുത്തുനിന്നിരുന്ന ഒരു വ്യാപാരിയുടെ കഥ ഞാൻ കേട്ടിട്ടുണ്ട്. അവൻറെ വ്യാപാരം മെച്ചപ്പെട്ടപ്പോൾ അവൻ ദൈവത്തിൽ നിന്നും പതുക്കെ അകന്നു പോയി. സഭയിലെ മൂപ്പന്മാർ അവനെ ദൈവത്തിങ്കലേക്കു മടക്കിക്കൊണ്ടുവരുവാൻ പലവട്ടം ശ്രമിച്ചു. എന്നാൽ അവൻ തൻറെ വ്യാപാരത്തിൽ വല്ലാതെ മുഴുകി പോയിരുന്നതിനാൽ അതിനു കഴിഞ്ഞില്ല. ഒരു ദിവസം അയാളുടെ മൂന്നു ആണ്മക്കളിൽ ഇളയ ആളെ ഒരു വിഷപ്പാമ്പ് കടിച്ചു ഗുരുതരാവസ്ഥയിലായി. ചികിത്സിച്ച വൈദ്യന്മാർ എല്ലാ പ്രതീക്ഷയും വിട്ടു. അപ്പോൾ ആ പിതാവ് വളരെ ഉത്കണ്ഠ നിറഞ്ഞവനായി, സഭയിലെ മൂപ്പന്മാരെ തൻറെ കുഞ്ഞിനുവേണ്ടി പ്രാർഥിക്കുവാൻ വിളിച്ചു.

ആ മൂപ്പൻ വളരെ ജ്ഞാനമുള്ള ആളായിരുന്നു. അദ്ദേഹം ഇങ്ങനെ പ്രാർഥിച്ചു, ‘ ദൈവമേ ഈ കുഞ്ഞിനെ കടിക്കാൻ ഒരു പാമ്പിനെ അയച്ചതിനായി ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. കാരണം, അങ്ങേക്കുറിച്ചു ചിന്തിക്കുന്നതിലേക്ക് ഈ കുടുംബത്തെ നയിക്കുവാൻ എനിക്ക് കഴിഞ്ഞില്ല. ആറു വർഷമായി എനിക്ക് സാധിക്കാതിരുന്നത് ഈ പാമ്പ് ഒരു നിമിഷം കൊണ്ട് ചെയ്തല്ലോ. ഇപ്പോൾ അവർ അവരുടെ പാഠം പഠിച്ചിരിക്കുന്നു. ദൈവമേ ഈ കുഞ്ഞിനെ സൗഖ്യമാക്കേണമേ. ഇനിയൊരിക്കലും അങ്ങയെ ഓർക്കുവാൻ കൂടുതൽ പാമ്പുകളെ അവർക്കാവശ്യമായി വരരുതേ!!‘.

ഒരു നാൾ ക്യാൻസർ ബാധിച്ച് ആശുപത്രിയിൽ ആകുന്നതുവരെ ദൈവത്തെ കുറിച്ച് ചിന്തിക്കാത്ത ചിലരുണ്ട്. അപ്പോൾ അവർ പെട്ടെന്ന് ദൈവത്തെ കുറിച്ച് ചിന്തിച്ച് ക്രിസ്തുവിങ്കലേക്ക് തിരിയുകയും വീണ്ടും ജനിക്കുകയും ചെയ്യുന്നു.

മാറാരോഗങ്ങളും, അസുഖങ്ങളും, ദാരിദ്ര്യവും, അങ്ങനെ ലോകത്തിലുള്ള എല്ലാ കഷ്ടതകളും ആളുകളെ അവരുടെ പാപത്തിൽനിന്നും തിരിച്ചു നിത്യമായ സ്വർഗ്ഗീയ ഭവനത്തിൽ എത്തിക്കുന്നതിനായി ദൈവം ഉപയോഗിക്കുന്നു. അങ്ങനെയാണ് ദൈവം സാത്താൻ കൊണ്ടുവരുന്ന എല്ലാ കാര്യങ്ങളും ഉപയോഗിച്ച് ആളുകളെ നിത്യതയിലേക്ക് നടത്തുന്നത്. അങ്ങനെ ദൈവം സാത്താനെ വീണ്ടും വീണ്ടും വിഡ്ഢിയാക്കുന്നു

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)